സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പുത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 60 | ലക്കം: 19 | 2025 മാർച്ച് 24 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


## ഐ.ബി ഉദ്യോഗസ്ഥ മരിച്ച നിലയിൽ

തിരു: തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം ഐ.ബി ഉദ്യോഗസ്ഥ മരിച്ച നിലയിൽ. പത്തനംതിട്ട സ്വദേശി മേഘ (24) ആണ് മരിച്ചത്. തിരുവനന്തപുരം ചാക്കയിലെ റെയിൽ പാളത്തിലാണ് മൃതദേഹം കണ്ടെത്തിയത്. ഒരു വർഷം മുമ്പാണ് എമിഗ്രേഷൻ വിഭാഗത്തിൽ മേഘ ജോലിയിൽ പ്രവേശിച്ചത്. രാവിലെ ഡ്യൂട്ടി കഴിഞ്ഞ് വിമാനത്താവളത്തിൽ നിന്നിറങ്ങിയ മേഘയുടെ മൃതദേഹം പേട്ടക്കും ചാക്കക്കും ഇടയിലെ റെയിൽപാളത്തിലാണ് കണ്ടെത്തിയത്. സംഭവത്തിൽ പേട്ട പൊലീസ് വിശദമായ അന്വേഷണം തുടങ്ങി.

കുറച്ചുനാളുകളായി മേഘ മാനസിക ബുദ്ധിമുട്ടുകൾ കാണിച്ചിരുന്നതായി ഐ.ബി ഉദ്യോഗസ്ഥർ പൊലീസിനോട് പറഞ്ഞതായാണ് വിവരം. പൊലീസ് സ്ഥലത്തെത്തി മൃതദേഹം ആശുപത്രിയിലേക്ക് മാറ്റി.

# കേരള ബിജെപിയെ രാജീവ് ചന്ദ്രശേഖർ നയിക്കും

## ഔദ്യോഗിക പ്രഖ്യാപനം നടത്തി പ്രഹ്ളാദ് ജോഷി



തിരു : സംസ്ഥാന ബിജെപി അദ്ധ്യക്ഷനായി രാജീവ് ചന്ദ്രശേഖറിനെ ഔദ്യോഗികമായി പ്രഖ്യാപിച്ചു. കേരളത്തിന്റെ സംഘടന തിരഞ്ഞെടുപ്പ് ചുമതലയുള്ള പ്രഹ്ളാദ് ജോഷിയാണ് ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനം പ്രകാശ് ജാവദേക്കർ മുന്നോട്ടുവയ്ക്കുകയായിരുന്നു. ഇന്ന് തിരുവനന്തപുരത്ത് നടന്ന സംസ്ഥാന കൗൺസിലിൽ രാജീവ് ചന്ദ്രശേഖറിനെ സംസ്ഥാന അദ്ധ്യക്ഷനായി ഔദ്യോഗികമായി പ്രഖ്യാപിക്കുകയായിരുന്നു.

ഇനി വരുന്നത് കേരളം ഭരിക്കാനുള്ള ബിജെപിയുടെ ദശാബ്ദമാണ്. ആ ദശാബ്ദത്തിൽ പാർട്ടിയെ നയിക്കാനുള്ള ഭാഗ്യം രാജീവ് ചന്ദ്രശേഖറിന് ലഭിച്ചിരിക്കുന്നുവെന്നും സുരേന്ദ്രൻ കൂട്ടിച്ചേർത്തു.

സംസ്ഥാന പ്രസിഡന്റാകാൻ താത്പര്യമില്ലെന്നാണ് രാജീവ് ചന്ദ്രശേഖർ നേരത്തെ കേന്ദ്രത്തെ അറിയിച്ചിരുന്നത്. എന്നാൽ, കേരളത്തിലെ യുവജനങ്ങളെ ഉൾപ്പെടെ പാർട്ടിയിലേക്ക് ആകർഷിക്കാനും സമൂഹമാദ്ധ്യമങ്ങളിലൂടെ സ്വാധീനം വർദ്ധിപ്പിക്കാനും രാജീവിന്റെ സാന്നിദ്ധ്യം അനിവാര്യമാണെന്ന് കേന്ദ്രനേതൃത്വം നിലപാട് എടുക്കുകയായിരുന്നു. പാർട്ടി നിർദ്ദേശത്തെ തുടർന്ന് ഇന്നലെ ഉച്ചയ്ക്ക് രണ്ടരയ്ക്ക് തിരുവനന്തപുരത്തെത്തിയ രാജീവ് ചന്ദ്രശേഖർ സംസ്ഥാന സഹവരണാധികാരി നാരായണൻ നമ്പൂതിരി മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നു.

തിരുവനന്തപുരം ലോക്സഭാമണ്ഡലത്തിൽ ശശി തരൂരിനെ എതിരിടാൻ കേരളത്തിലെ പ്രമുഖരെ ഒഴിവാക്കി ഇക്കുറി രാജീവ് ചന്ദ്രശേഖറിനെ കൊണ്ടുവപ്പോൾ തന്നെ കേരളത്തിൽ ഒരു പുതിയ മുഖം വേണമെന്ന നിലപാടിലേക്ക് കേന്ദ്ര നേതൃത്വം നീങ്ങുന്നതായി സൂചനയുണ്ടായിരുന്നു.

രാജീവ് പുതിയ അധ്യക്ഷനായി വരുമ്പോൾ അദ്ദേഹത്തിന് ദൈനംദിന പ്രവർത്തകനാണോയെന്ന് പലരും ചോദിച്ചു. അദ്ദേഹത്തിന് അത് സാധിക്കുമെന്ന് ഒരുവർഷം തിരുവനന്തപുരത്ത് പ്രവർത്തിച്ചു കാണിച്ചു. കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിൽ അദ്ദേഹം ആളുകളെ കൊണ്ട് മാറ്റി പറയിച്ചു. പുതിയ മാറ്റത്തിന്റെ കടിഞ്ഞാൺ കൈമാറുകയാണ്.

ഹിന്ദുക്കളുടെ പാർട്ടി എന്നാണ് ബിജെപിയെ വിമർശിക്കുന്നത്. അല്ല, എല്ലാവരുടെയും പാർട്ടിയാണ് ബിജെപി. മൂന്ന് മുന്നണികളുള്ള സംസ്ഥാനമാണ് കേരളം. ഇവിടെ മുന്നണി നയിക്കുന്നത് ശ്രമകരമായ ജോലിയാണ്. കൈ നനയാതെ മീൻ പിടിക്കണം എന്ന ചിന്തയുള്ള പ്രതിപക്ഷമാണ്. തദ്ദേശ സ്ഥാപനങ്ങളിൽ ബിജെപിയെ സ്വാധീനിക്കാൻ യുഡിഎഫ് ശ്രമം നടത്തി. പക്ഷെ യുഡിഎഫ്- എൽഡിഎഫ് സഹകരണം വേണ്ടെന്ന് വെച്ചു- കെ സുരേന്ദ്രൻ പറഞ്ഞു.

## മൂന്നരവയസുള്ള മകനെ കഴുത്തറുത്ത് കൊന്ന് എൻജിനീയർ

മുംബൈ: ഭാര്യയിൽ സംശയമുണ്ടായതിനെ തുടർന്ന് മൂന്നരവയസ്സുകാരനായ മകനെ കഴുത്തറുത്ത് കൊന്ന് ഐടി എൻജിനീയർ. പൂണെ സ്വദേശി മാധവ് തികേതിയാണ് മകനെ ക്രൂരമായി കൊലപ്പെടുത്തി വിജനമായ സ്ഥലത്ത് തള്ളിയത്.

മകനേയും ഭർത്താവിനേയും കാണിനില്ലെന്ന് ഭാര്യയായ സ്വരൂപ ചന്ദൻനഗർ പൊലീസിൽ പരാതി നൽകിയതിനെ തുടർന്നാണ് സംഭവത്തിന്റെ ചുരുളഴിഞ്ഞത്. അന്വേഷണസംഘം ശേഖരിച്ച സിസിടിവി ദൃശ്യങ്ങളിൽ രാത്രി 2.30ക്ക് മാധവിനൊപ്പം മകനെ കണ്ടു. എന്നാൽ അഞ്ച് മണിക്ക് ശേഷമുള്ള ദൃശ്യങ്ങളിൽ മാധവ് ഒറ്റക്കായിരുന്നു.

മൊബൈൽ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ മാധവിനെ വഡഗോൺശേരിയിലെ ലോഡ്ജിൽ മദ്യപിച്ചനിലയിൽ കണ്ടെത്തി. തുടർന്ന് കസ്റ്റഡിയിൽ എടുത്ത് നടത്തിയ ചോദ്യം ചെയ്യലിലാണ് മാധവ് കുറ്റം സമ്മതിച്ചത്. ഭാര്യയിലും കുട്ടിയുടെ പിതൃത്വത്തിലുമുള്ള സംശയമാണ് ഇങ്ങനെയൊരു ക്രൂരകൃത്യം ചെയ്യാൻ മാധവിന് പ്രേരണയായതെന്ന് ഡിസിപി ഹിമ്മത് ജാദവ് പറഞ്ഞു.

## ജഡ്ജിയുടെ വീട്ടിൽ നോട്ടുകെട്ടുകൾ: രാഷ്ട്രീയ നേതാവ് ആയിരുന്നെങ്കിൽ; യോഗംവിളിച്ച് ഉപരാഷ്ട്രപതി



ന്യൂഡൽഹി: ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ വീട്ടിൽ നിന്ന് കോടികൾ കണ്ടെത്തിയ സംഭവത്തിൽ ആശങ്ക പ്രകടിപ്പിച്ച് ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ ജഗ്ദീപ് ധൻഖർ സഭാ നേതാവ് ജെ.പി. നഡ്ഡയുമായും രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെയുമായും ഉപരാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. ജുഡീഷ്യൽ അക്കൗണ്ടബിലിറ്റിയെക്കുറിച്ചായിരിക്കും ചർച്ച.

പാർലമെന്റ് പാസാക്കിയതും പിന്നീട് ഭരണഘടനാ വിരുദ്ധമെന്ന് പറഞ്ഞ് സുപ്രീം കോടതി റദ്ദാക്കിയതുമായ ദേശീയ ജുഡീഷ്യൽ നിയമന കമ്മിഷൻ (എൻജെഎസി) നിയമത്തെക്കുറിച്ച് ധൻഖർ നേരത്തെ സഭയിൽ പരാമർശങ്ങൾ നടത്തിയിരുന്നു. പിന്നാലെയാണ് വിഷയത്തിലുള്ള ഇടപെടൽ.

പാർലമെന്റ് അഭൂതപൂർവ്വമായി സമവായത്തോടെ അംഗീകരിച്ച ചരിത്രപരമായ ഈ നിയമനിർമ്മാണം നിലനിന്നിരുന്നെങ്കിൽ ഒരുപക്ഷേ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകില്ലായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. സംഭവം നടന്നത് ഉടനടി പുറത്തുവന്നില്ല എന്നതാണ് തന്നെ അലട്ടുന്നതെന്നും ജഡ്ജിയുടെ വീട്ടിൽനിന്ന് പണം കണ്ടെടുത്തത് ചൂണ്ടിക്കാട്ടി അദ്ദേഹം പറയുകയുണ്ടായി.

ഒരു രാഷ്ട്രീയക്കാരന്റെ കാര്യത്തിലാണ് ഇത് സംഭവിച്ചതെങ്കിൽ സുതാര്യവും ഉത്തരവാദിത്തമുള്ളതും ഫലപ്രദവുമായ ഒരു വ്യവസ്ഥാപിത പ്രതികരണം ഉണ്ടാകുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു. 'സഭാ നേതാവുമായും പ്രതിപക്ഷ നേതാവുമായും ഞാൻ ബന്ധപ്പെടുകയും അവരുടെ സമ്മതത്തിന് വിധേയമായി സെഷനിൽ ഒരു ഘടനാപരമായ ചർച്ചയ്ക്കുള്ള ഒരു സംവിധാനം കണ്ടെത്തുകയും ചെയ്യും' എന്നും ധൻഖർ പറഞ്ഞിരുന്നു. ഇതിന് പിന്നാലെയാണ് അദ്ദേഹം ഇരുനേതാക്കളുമായും ചർച്ച നടത്തുന്നത്.

ദേശീയ ജുഡീഷ്യൽ നിയമന കമ്മിഷനെ കുറിച്ച് നേരത്തെയും സഭയ്ക്കകത്തും പുറത്തും ധൻഖർ പരാമർശങ്ങൾ നടത്തിയിരുന്നു. നിയമനിർമ്മാണത്തിൽ പാർലമെന്റിന്റെ പരമാധികാരം എക്സിക്യൂട്ടീവിനോ ജുഡീഷ്യറിക്കോ വെട്ടികുറയ്ക്കാൻ കഴിയില്ലെന്നും അദ്ദേഹം പറയുകയുണ്ടായി.

ജഡ്ജിയുടെ വീട്ടിൽനിന്ന് പണം കണ്ടെത്തിയ സംഭവം നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യാൻ പ്രതിപക്ഷം നോട്ടീസ് നൽകുകയും ചെയ്ത സാഹചര്യത്തിൽ സഭയിൽ ചൂടേറിയ ചർച്ചകൾക്ക് ഇത് വഴിവെക്കും.

## 'ബിജെപിയിൽ ചേർന്നതിന്റെ പക': സൂരജ് വധക്കേസിൽ 8 പേർക്ക് ജീവപര്യന്തം, 11-ാം പ്രതിക്ക് 3 വർഷം തടവ്



കണ്ണൂർ: ബിജെപി-ആർഎസ്എസ് പ്രവർത്തകൻ മുഴപ്പിലങ്ങാട് സൂരജ് വധക്കേസിൽ എട്ട് പ്രതികൾക്ക് കോടതി ജീവപര്യന്തം ശിക്ഷവിധിച്ചു. പതിനൊന്നാം പ്രതിക്ക് മൂന്ന് വർഷത്തെ ശിക്ഷ നൽകി. രണ്ട് മുതൽ ഒമ്പത് വരേയുള്ള പ്രതികൾക്കാണ് തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി ജീവപര്യന്തം ശിക്ഷവിധിച്ചത്. ഒന്നാംപ്രതി കേസിന്റെ വിചാരണ വേളയിൽ മരണപ്പെട്ടിരുന്നു.

2005 ഓഗസ്റ്റ് ഏഴിന് രാവിലെ 8.40-ന് ഓട്ടോയിലെത്തിയ സംഘം മുഴപ്പിലങ്ങാട് ടെലിഫോൺ എക്സ്ചേഞ്ചിന് മുന്നിൽ വെച്ചാണ് സൂരജിനെ വെട്ടിക്കൊന്നത്. സംഭവത്തിന് ആറുമാസം മുൻപ് സൂരജിനെ വധിക്കാൻ ശ്രമിച്ചിരുന്നു. ഇരുകാലിനും വെട്ടേറ്റ് ആറുമാസം കിടപ്പിലായിരുന്നു. സി.പി.എം. പ്രവർത്തകനായ സൂരജ് ബി.ജെ.പിയിൽ ചേർന്നതിന്റെ വിരോധംമൂലം കൊലപ്പെടുത്തിയെന്നാണ് കേസ്.

28 സാക്ഷികളെ വിസ്തരിച്ചു. 51 രേഖകൾ ഹാജരാക്കി. കൊലപാതകം, ഗൂഢാലോചന എന്നീ കുറ്റം ചുമത്തി 12 സി.പി.എം. പ്രവർത്തകർക്കെതിരെയാണ് കേസ്. രണ്ടു പ്രതികൾ സംഭവശേഷം മരിച്ചു. തുടക്കത്തിൽ 10 പേർക്കെതിരെയായിരുന്നു കേസ്. ടി.പി. ചന്ദ്രശേഖരൻ കൊലക്കേസ് പ്രതി ടി.കെ. രജീഷ് നൽകിയ കുറ്റസമ്മതമൊഴി പ്രകാരം രണ്ടു പ്രതികളെ കൂടി കേസിൽ ഉൾപ്പെടുത്തി. രജീഷ്, മനോരാജ് എന്നിവരെ പ്രതികളാക്കി അനുബന്ധ കുറ്റപത്രം നൽകി.

സി.പി.എം. പ്രവർത്തകരായ പത്തായക്കുന്ന് കാരായിന്റവിട ഹൗസിൽ ടി.കെ. രജീഷ് (45), കാവുംഭാഗം പുതിയേടത്ത് ഹൗസിൽ എൻ.വി. യോഗേഷ് (46), എരഞ്ഞോളി അരങ്ങേറ്റുപറമ്പ് കണ്ട്യൻ ഹൗസിൽ കെ. ഷംജിത്ത് എന്ന ജിത്തു (57), കൂത്തുപറമ്പ് നരവൂരിലെ പി.എം. മനോരാജ് (43), മുഴപ്പിലങ്ങാട് വാണിയന്റെ വളപ്പിൽ നെയ്യോത്ത് സജീവൻ (56), പണിക്കന്റവിട ഹൗസിൽ പ്രഭാകരൻ (65), പുതുശ്ശേരി ഹൗസിൽ കെ.വി. പദ്മനാഭൻ (67), പുതിയപുരയിൽ പ്രദീപൻ (58) , മനോമ്പേത്ത് രാധാകൃഷ്ണൻ (60) എന്നിവരാണ് കേസിലെ പ്രതികൾ. പത്താം പ്രതി എടക്കാട് കണ്ണവത്തിൻമൂല നാഗത്താൻ കോട്ട പ്രകാശനെ വെറുതെവിട്ടു.

ഒന്നാംപ്രതി മുഴപ്പിലങ്ങാട് ലക്ഷംവീട് കോളനി പള്ളിക്കൽ ഹൗസിൽ പി.കെ. ഷംസുദ്ദീൻ എന്ന ഷംസു, 12-ാം പ്രതി മക്രേരി കിലാലൂരിലെ ടി.പി. രവീന്ദ്രൻ എന്നിവർ വിചാരണവേളയിൽ മരിച്ചു.

## ഡോക്ടറുടെ കുറിപ്പടിയിൽ കൃത്രിമം കാണിച്ചു; സൗരഭിനെ കൊല്ലും മുമ്പ് ലഹരിമരുന്ന് നൽകി മയക്കി

മീററ്റ്: രാജ്യത്തെ തന്നെ ഞെട്ടിച്ച ഉത്തർ പ്രദേശിലെ കൊലപാതകത്തിൽ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത്. കാമുകനൊപ്പം ജീവിക്കാൻ ഭർത്താവ് സൗരഭ് രജ്പുത്തിനെ കൊല്ലുന്നതിന് മുന്നോടിയായി ലഹരിമരുന്ന് നൽകിയെന്ന് പൊലീസ് കണ്ടെത്തി. ഭാര്യ മുസ്കാൻ റസ്തോഗി മരുന്ന് കുറിപ്പടിയിൽ കൃത്രിമം കാണിച്ച് ഉറക്കഗുളികകൾ വാങ്ങിയെന്ന് പൊലീസ് പറഞ്ഞു. ഭർത്താവിനെ കൊലപ്പെടുത്തി മൃതദേഹം കഷ്ണങ്ങളാക്കുന്നതിന് മുൻപായിരുന്നു ഇത്.

കൊലപാതകം ആസൂത്രണം ചെയ്യുന്നതിന് മുമ്പ് മുസ്കാൻ പ്രദേശത്തുള്ള ഒരു ഡോക്ടറെ സന്ദർശിച്ചിരുന്നു. തനിക്ക് ഉത്കണ്ഠ സംബന്ധമായ പ്രശ്നമുണ്ടെന്നും പറഞ്ഞു. ഇതോടെ ഉത്കണ്ഠയ്ക്കുള്ള മരുന്നിന്റെ കുറിപ്പടി മുസ്കാന് ലഭിച്ചു, പിന്നീട് നിർദ്ദേശിച്ച മരുന്നുകളെക്കുറിച്ച് ഗൂഗിളിൽ ഗവേഷണം നടത്തി. ഈ അറിവ് ഉപയോഗിച്ച്, മുസ്കാൻ മറ്റൊരു കുറിപ്പടി വാങ്ങി മരുന്നുകളുടെ പേരുകൾ എഴുതി വാങ്ങുകയായിരുന്നെന്ന് എസ്പി ആയുഷ് വിക്രം പറഞ്ഞു.

സൗരഭ് രജ്പുത്തിന്റെ പിറന്നാൾ ദിവസമായ ഫെബ്രുവരി 25ന് ലഹരി മരുന്ന് നൽകാൻ മസ്കാൻ ശ്രമിച്ചിരുന്നു. എന്നാൽ അന്ന് സൗരഭ് മരുന്ന് കുടിച്ചില്ല. ഞായറാഴ്ച ഉത്തർ പ്രദേശ് ഉദ്യോഗസ്ഥർ മീററ്റിലെ ഒരു മെഡിക്കൽ സ്റ്റോർ റെയ്ഡ് ചെയ്യുകയും മുസ്കാൻ ആന്റീഡിപ്രസന്റുകളും ഉറക്കഗുളികകളും ഉൾപ്പെടെ മൂന്ന് തരം മരുന്നുകൾ വാങ്ങിയതായി സ്ഥിരീകരിക്കുകയും ചെയ്തു. മാർച്ച് ഒന്നിന് അവർ മരുന്ന് വാങ്ങിയതായി മെഡിക്കൽ സ്റ്റോറിലെ രേഖകൾ വ്യക്തമാക്കുന്നുണ്ട്. എന്നിരുന്നാലും, മാർച്ച് 4 ന് കൊല്ലപ്പെടുന്നതിന് മുമ്പ് ഈ മരുന്നുകളാണോ നൽകിയതെന്ന കാര്യം പൊലീസ് സ്ഥിരീകരിച്ചിട്ടില്ല.

## ജസ്റ്റിസ് യശ്വന്ത് വർമയെ ജുഡീഷ്വൽ ചുമതലകളിൽനിന്ന് നീക്കി; ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: ഔദ്യോഗിക വസതിയിൽനിന്ന് നോട്ടുകൂമ്പാരം കണ്ടെത്തിയ സംഭവത്തിൽ ഡൽഹി ഹൈകോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമയെ ജുഡീഷ്യൽ ചുമതലകളിൽ നിന്നു മാറ്റി. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ആഭ്യന്തര അന്വേഷണ സമിതി രൂപവത്കരിച്ചതിനു പിന്നാലെയാണ് തീരുമാനം.

സമീപകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, അടിയന്തര പ്രാബല്യത്തോടെ ജസ്റ്റിസ് യശ്വന്ത് വർമയെ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ജുഡീഷ്യൽ ചുമതലകളിൽനിന്ന് നീക്കിയതായി തിങ്കളാഴ്ച ഡൽഹി ഹൈകോടതി പുറത്തിറക്കിയ സർക്കുലറിൽ പറയുന്നു.

പിന്നാലെ വർമയുടെ ബെഞ്ച് പരിഗണിച്ചിരുന്നു കേസുകൾ പുതിയ ബെഞ്ചിലേക്ക് മാറ്റുകയും ചെയ്തു. വർമയെ ജുഡീഷ്യൽ ഉത്തരവാദിത്തങ്ങളിൽനിന്ന് മാറ്റിനിർത്താൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് നിർദേശം നൽകിയിരുന്നു.

## ഒരുമാസത്തെ ലോൺ തിരിച്ചടവ് മുടങ്ങി, ഹൃദ്രോഗിയായ ഗൃഹനാഥനെ വീട്ടിൽക്കയറി ആക്രമിച്ചു

കോട്ടയം: പനമ്പാലത്ത് ലോൺ അടയ്ക്കാൻ വൈകിയതിന് ഗൃഹനാഥനുനേരെ ആക്രമണം. സ്വകാര്യ പണമിടപാട് സ്ഥാപനത്തിലെ ജീവനക്കാരൻ രോഗിയായ ഗൃഹനാഥനെ വീട്ടിൽക്കയറി ആക്രമിക്കുകയായിരുന്നു എന്നാണ് പരാതി. പനമ്പാലം സ്വദേശി സുരേഷിനാണ് ആക്രമണത്തിൽ പരിക്കേറ്റത്.

ബെൽ സ്റ്റാർ എന്ന സ്വകാര്യ പണമിടപാട് സ്ഥാപനത്തിലെ ജീവനക്കാരനായ ജാക്സൺ ആണ് സുരേഷിനെ ആക്രമിച്ചത് എന്നാണ് പോലീസ് പറയുന്നത്. സ്ഥാപനത്തിൽനിന്ന് സുരേഷെടുത്ത വായ്പയുടെ ഒരു മാസത്തെ തിരിച്ചടവ് മാത്രമാണ് മുടങ്ങിയത്. ഇതന്വേഷിക്കാൻ വീട്ടിലെത്തിയ കളക്ഷൻ ഏജന്റ് ജാക്സൺ വീട്ടിലുണ്ടായിരുന്ന പ്ലാസ്റ്റർ



പ്രതിമ എടുത്ത് സുരേഷിന്റെ തലയിൽ അടിക്കുകയായിരുന്നു.

ഹൃദ്രോഗ ബാധിതനായി 6 മാസമായി ചികിത്സയിലായിരുന്നു സുരേഷ്. 35,000 രൂപയാണ് ഇദ്ദേഹം വായ്പ എടുത്തത്. പതിനായിരം രൂപയിൽ താഴെ മാത്രമാണ് ഇനി തിരിച്ചടക്കാനുള്ളത്. സംഭവത്തിൽ പന്നിമറ്റം സ്വദേശിയായ ജാക്സനെ പോലീസ് കസ്റ്റഡിയിലെടുത്തു

## ആശുപത്രി ബോംബിട്ട് തകർത്ത് ഹമാസ് നേതാവിനെ വധിച്ച് ഇസ്രയേൽ

റാഫ: ആശുപത്രിയിൽ ബോംബിട്ട് ഹമാസ് നേതാവിനെ വധിച്ച് ഇസ്രയേൽ. ഗാസയിലെ നസേർ ആശുപത്രിയിലാണ് ഇസ്രയേൽ ബോംബാക്രമണം നടത്തിയത്. ഹമാസ് പോളിറ്റ്ബ്യൂറോ അംഗമായ ഇസ്മായിൽ ബർഹോമാണ് വധിക്കപ്പെട്ടത്. സംഭവം ഹമാസും സ്ഥിരീകരിച്ചിട്ടുണ്ട്. ഹമാസ് തീവ്രവാദികളെ ലക്ഷ്യമാക്കിയായിരുന്നു തങ്ങളുടെ ആക്രമണമെന്ന് ഇസ്രയേലും വ്യക്തമാക്കി. കൊല്ലപ്പെട്ടയാൾ ഹമാസിന്റെ പ്രധാന തീവ്രവാദിയായിരുന്നെന്നും അവർ അറിയിച്ചു.

ചൊവ്വാഴ്ച ഖാൻ യൂനിസിൽ വച്ചുണ്ടായ വ്യോമാക്രമണത്തിൽ ഇസ്മായിൽ ബർഹോം ഗുരുതര പരിക്കേറ്റ് നസേർ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. ഇസ്മായിൽ ബർഹോമിന്റെ വീട് ലക്ഷ്യമാക്കിയായിരുന്നു അന്ന് വ്യോമാക്രമണം നടന്നത്. ഇതിന് പിന്നാലെയാണ് ഞായറാഴ്ച ആശുപത്രി ആക്രമിച്ച് ഇസ്രയേൽ, ഹമാസ് നേതാവിനെ വധിച്ചത്.

അഞ്ചോളം പേർ ഈ ആക്രമണത്തിൽ മരിച്ചു. നിരവധി പേർക്ക് പൊള്ളലേറ്റടക്കം പരിക്ക് പറ്റിയെന്നും ഗാസ ആരോഗ്യമന്ത്രാലയം അറിയിച്ചു. നാല് നിലകളുള്ള ആശുപത്രിയിൽ ഇസ്മായിൽ ബർഹോം ചികിത്സയിലിരുന്ന ഭാഗം മാത്രമാണ് ഇസ്രയേൽ തകർത്തത്. ഇവിടെ തീയാളുന്ന ചിത്രങ്ങൾ അന്താരാഷ്ട്ര മാദ്ധ്യമങ്ങൾ പുറത്തുവിട്ടിട്ടുണ്ട്.

വെടിനിർത്തൽ കരാർ ലംഘിച്ചുള്ള ഇസ്രയേലിന്റെ രൂക്ഷമായ ആക്രമണത്തിൽ ചൊവ്വാഴ്ച മുതൽ ഇന്നലെ വരെ മരിക്കുന്ന ഹമാസിന്റെ നാലാമത് പോളിറ്റ്ബ്യൂറോ അംഗമാണ് ഇസ്മായിൽ. രഹസ്യാന്വേഷണ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥലത്ത് കൃത്യമായ ആക്രമണം നടത്തിയതെന്ന് ഇസ്രയേൽ സൈനിക വൃത്തങ്ങൾ അറിയിച്ചു.

## ആദിവാസി ഭൂമി വ്യാജരേഖയുണ്ടാക്കി തട്ടിയെക്കുന്നവരോട് കഠിന നടപടി സ്വീകരിക്കും

തിരു : അട്ടപ്പാടിയിലെ ആദിവാസി ഭൂമിക്ക് വ്യാജരേഖയുണ്ടാക്കി തട്ടിയെടുക്കുന്നവരോട് കഠിന നടപടി സ്വീകരിക്കുമെന്ന് മന്ത്രി കെ.രാജൻ. നിയമസഭയിൽ കെ.കെ രമ അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റത്തെക്കുറിച്ച് അവതരിപ്പിച്ച സബ് മിഷന് മറുപടി പറയുകയായിരുന്നു മന്ത്രി.

അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റത്തെ സർക്കാർ ഗൗരവത്തോടയാണ് കാണുന്നത്. ഇക്കാര്യത്തിൽ ആരുമായി സബന്ധിച്ചുന്ന പ്രശ്നമില്ല. മുഖ്യമന്ത്രിക്ക് ആദിവാസികൾ നൽകിയ പരാതിന്മേൽ പട്ടികവർഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## കൂട്ടിക്കൽ ജയചന്ദ്രൻ പരാതിക്കാരിയെ ഭീഷണിപ്പെടുത്തുന്നെന്ന് സർക്കാർ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: പോക്സോ കേസിൽ നടൻ കൂട്ടിക്കൽ ജയചന്ദ്രന്റെ മുൻകൂർ ജാമ്യാപേക്ഷ ബുധനാഴ്ച സുപ്രീംകോടതി പരിഗണിക്കും. നടന്റെ അഭിഭാഷകന്റെ ആവശ്യപ്രകാരമാണ് നടപടി. അതേസമയം കേസിലെ പരാതിക്കാരിയെ ഭീഷണിപ്പെടുത്താൻ നടന്റെ ഭാ?ഗത്തുനിന്ന് ശ്രമം നടക്കുന്നതായി സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു.

കൂട്ടിക്കൽ ജയചന്ദ്രൻ നൽകിയിരുന്ന മുൻകൂർ ജാമ്യാപേക്ഷ ജസ്റ്റിസ് ബി.വി. നാ?ഗരത്നയുടെ അധ്യക്ഷതയുടെ ബെഞ്ചിന് മുമ്പാകെയായിരുന്നു ലിസ്റ്റ് ചെയ്തിരുന്നത്. മുതിർന്ന അഭിഭാഷകൻ ആർ. ബസന്ത് തങ്ങൾക്കുവേണ്ടി ഹാജരാകുമെന്നാണ് കൂട്ടിക്കൽ ജയചന്ദ്രന്റെ ഇപ്പോഴത്തെ അഭിഭാഷകൻ കോടതിയിൽ അറിയിച്ചത്. അദ്ദേഹത്തിന്റെ സൗകര്യം കണക്കിലെടുത്ത് ഹർജി പരി?ഗണിക്കുന്നത് ബുധനാഴ്ചത്തേക്ക് മാറ്റണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഈ ആവശ്യം സുപ്രീംകോടതി അം?ഗീകരിക്കുകയായിരുന്നു.

നേരത്തേ കൂട്ടിക്കൽ ജയചന്ദ്രന്റെ അറസ്റ്റ് സുപ്രീംകോടതി



തടഞ്ഞിരുന്നു. തിങ്കളാഴ്ച വരെ അറസ്റ്റ് ചെയ്യാൻ പാടില്ലെന്നായിരുന്നു നിർദേശം. ഈ ഇടക്കാല ഉത്തരവ് ബുധനാഴ്ചവരെ നീട്ടിക്കൊണ്ട് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

നാലു വയസ്സുകാരിയെ പീഡിപ്പിച്ചെന്ന പരാതിയിൽ കസബ പൊലീസാണ് നടൻ ജയചന്ദ്രന് എതിരേ പോക്സോ കേസെടുത്തത്. കുട്ടിയുടെ ബന്ധു ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മുഖേന നൽകിയ പരാതി പൊലീസിനു കൈമാറുകയായിരുന്നു. നടനെതിരേ പോലീസ് ലുക്കൗട്ട് നോട്ടീസ് ഇറക്കിയിരുന്നു. കഴിഞ്ഞവർഷമായിരുന്നു കേസിനാസ്പദമായ സംഭവം.

## ആസിഡ് ആക്രമണം: ഫോട്ടോ മോർഫ് ചെയ്ത് പ്രചരിപ്പിച്ചു, എട്ട് തവണ പരാതി, പോലീസ് അനങ്ങിയില്ല



കോഴിക്കോട്: ചെറുവണ്ണൂരിലെ ആസിഡ് ആക്രമണത്തിൽ പോലീസിനെതിരെ പ്രവിഷയുടെ അമ്മ സ്മിത. പ്രവിഷയുടെ മുൻഭർത്താവ് പ്രശാന്തിനെതിരെ എട്ടുതവണയോളം ബാലുശ്ശേരി പോലീസിൽ പരാതി നൽകിയിരുന്നെന്ന് അവർ പറഞ്ഞു. എന്നാൽ പോലീസ് മുന്നറിയിപ്പ് നൽകി വിടുക മാത്രമാണ് ചെയ്തത്. പ്രവിഷയെ പ്രശാന്ത് നിരന്തരം ഉപദ്രവിച്ചിരുന്നു. പ്രശാന്ത് ലഹരിക്കടിമയെന്നും പ്രവിഷയുടെ അമ്മ മാധ്യമങ്ങൾക്ക് മുന്നിൽ ആരോപിച്ചു.

പ്രവിഷയോടും മക്കളോടും പ്രതി പ്രശാന്തിന് വൈരാഗ്യമുണ്ടായിരുന്നു. ഏഴു വർഷം മുമ്പ് മൂത്ത മകനെ പെട്രോൾ ഒഴിച്ച് കൊലപ്പെടുത്താൻ പ്രതി ശ്രമിച്ചുവെന്നും അമ്മ മാധ്യമങ്ങളോട് പറഞ്ഞു. അന്ന് അയൽവാസി തട്ടിമാറ്റിയതിനാൽ അപകടം ഉണ്ടായില്ല. രണ്ടുദിവസം മുമ്പും പ്രവിഷയെ ആക്രമിക്കാൻ പ്രശാന്ത് ബൈക്കിൽ പിന്തുടർന്ന് എത്തിയെന്നും പ്രവിഷയുടെ അമ്മ പറഞ്ഞു. മൂത്ത മകനെ പ്രശാന്ത് പെട്രോൾ ഒഴിച്ച് തീ കൊളുത്തിക്കൊല്ലാൻ ശ്രമിച്ചിരുന്നുവെന്ന് പ്രവിഷയുടെ അമ്മ പറഞ്ഞു. സ്കൂളിലെ അധ്യാപകർ പരാതി നൽകാൻ ഒരുങ്ങിയപ്പോൾ അവരേയും ഭീഷണിപ്പെടുത്തി. പ്രവിഷയുടെ ചിത്രം മോർഫ് ചെയ്ത് നാട്ടുകാർക്കും ബന്ധുക്കൾക്കും അയച്ചു കൊടുത്തുവെന്നും അമ്മ കൂട്ടിച്ചേർത്തു.

'ലഹരിക്ക് അടിമയായി അക്രമം നടത്തുന്ന പ്രശാന്തിനെ ജയിലിൽത്തന്നെ നിർത്തിയിരുന്നെങ്കിൽ എന്റെ മകൾക്ക് ഈ ഗതിയുണ്ടാകില്ലായിരുന്നു. ഒരു വർഷം മുൻപ് വീട്ടിൽക്കയറി അതിക്രമം നടത്തി എന്നെയും മകളെയും ആക്രമിച്ചിരുന്നു. ബാലുശ്ശേരി പോലീസെടുത്ത കേസിൽ 3 മാസം ജയിലിൽ കഴിഞ്ഞ് പുറത്തിറങ്ങിയതാണ്. പോലീസ് ഇടപെട്ട് ശക്തമായ ശിക്ഷ നൽകാൻ നടപടിയെടുത്തിരുന്നെങ്കിൽ മകൾക്ക് ഈ വേദന സഹിക്കേണ്ടി വരില്ലായിരുന്നു. പ്രശാന്ത് മദ്യത്തിന്റേയും കഞ്ചാവിന്റേയും ലഹരിക്ക് അടിമയായി മകൾ പ്രവിഷയെ നിരന്തരം ഉപദ്രവിച്ചിരുന്നു. അതിക്രമം സഹിക്കവയ്യാതെ കുറേക്കാലം സുരക്ഷാ ഭവനിലായിരുന്നു താമസം. ഒടുവിലാണ് വിവാഹബന്ധം കുടുംബകോടതിയിലൂടെ വേർപെടുത്തിയത്. പ്രശാന്തിനൊപ്പം പ്രവിഷ ചെല്ലാത്തതാണ് വൈരാഗ്യത്തിന് കാരണം.സ്മിത പറഞ്ഞു.

ഞായറാഴ്ച രാവിലെ 9.30-ഓടെയാണ് സംഭവം. നടുവേദനയ്ക്ക് ചികിത്സയ്ക്കായി 18നാണ് പ്രവിഷ ആശുപത്രിയിലെത്തിയത്. ഒരുകാര്യം സംസാരിക്കാനുണ്ടെന്നുപറഞ്ഞ് പ്രശാന്ത് വാർഡിനുമുന്നിലെ വരാന്തയിലേക്ക് പ്രവിഷയെ വിളിക്കുകയായിരുന്നു. കൈയിൽ സ്റ്റീൽ കുപ്പിയിൽ കരുതിയിരുന്ന ആസിഡ് പ്രവിഷയുടെ മുഖത്തേക്കും ശരീരത്തിലേക്കും ഒഴിച്ചു. പൊള്ളലേറ്റ് നിലവിളിയോടെ പിൻതിരിഞ്ഞോടവേ ശരീരത്തിന്റെ പിൻഭാഗത്തേക്കും ആസിഡൊഴിച്ചു. രക്ഷപ്പെടാനായി വാർഡിലെ ബാത്ത്റൂമിലേക്ക് പ്രവിഷ ഓടിക്കയറി.

ഈസമയം പ്രശാന്ത് റോഡരികിൽ നിർത്തിയ സ്കൂട്ടറിൽ രക്ഷപ്പെട്ടു. ആശുപത്രി ജീവനക്കാരും ഓടിയെത്തിയവരും പ്രവിഷയെ ഉടനെ പേരാമ്പ്ര താലൂക്ക് ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിച്ചു. ശരീരത്തിന്റെ 20 ശതമാനത്തോളം ഭാഗത്ത് പൊള്ളലേറ്റതായും അപകടനില തരണംചെയ്തതായുമാണ് ആശുപത്രി അധികൃതർ വ്യക്തമാക്കിയത്. മാറാട് കോടതി മജിസ്ട്രേറ്റ് ആശുപത്രിയിലെത്തി പ്രവിഷയുടെ മൊഴി രേഖപ്പെടുത്തി.

മൂന്നുവർഷം മുൻപാണ് കുടുംബക്കോടതിവഴി ഇവർ ബന്ധം വേർപിരിഞ്ഞത്. ഇവരുടെ 14-ഉം 11-ഉം വയസ്സുള്ള രണ്ട് ആൺകുട്ടികൾ അച്ഛനൊപ്പമാണ്. ഒരുവർഷം മുൻപ് വീട്ടിൽക്കയറി പ്രവിഷയെയും അമ്മയെയും അടിച്ച് പരിക്കേൽപ്പിച്ചതിന് പ്രശാന്തിനെതിരേ ബാലുശ്ശേരി പോലീസ് കേസെടുത്തിട്ടുണ്ട്. അതിന്റെ തുടർച്ചയായുണ്ടായ നടുവേദനയ്ക്കാണ് ആയുർവേദചികിത്സ നടത്തിയതെന്നും പറയുന്നു. രണ്ടുദിവസം മുൻപ് പ്രശാന്ത് പ്രവിഷയെ കാണാനെത്തിയിരുന്നു. കണ്ണൂരിലെ സ്വകാര്യാശുപത്രിയിൽ ജീവനക്കാരിയാണ് പ്രവിഷ. പ്രശാന്ത് തൃശ്ശൂരിൽ ടാക്സി ഡ്രൈവറാണ്.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ലഹരിക്കെതിരെ പുതുക്കാട് ജനസഭ സംഘടിപ്പിച്ചു

പുതുക്കാട്: സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉൾപ്പെടെയുള്ള മാരക വിപത്തുകൾക്കെതിരെ, ബോധവത്കരണവും പ്രതിരോധവും തീർക്കുന്നതിനായി പുതുക്കാട് ജനസഭ സംഘടിപ്പിച്ചു. കൊടകര ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്ന ജനസഭ കെ കെ രാമചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

ലഹരിക്കെതിരായി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും സർക്കാരിന്റെ മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമായി വിപുലമായ തുടർ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും, സംഘടനകളുടെയും സഹകരണത്തോടെ ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു.

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ കെ അനൂപ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മണ്ഡലത്തിൽ വിപുലമായ രീതിയിൽ പ്രവർത്തനങ്ങൾ ജനസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിന് കെ കെ രാമചന്ദ്രൻ എംഎൽഎ ചെയർമാനും, കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എം ചന്ദ്രൻ കൺവീനറുമായി 251 അംഗ മണ്ഡലതല ജനറൽ കമ്മിറ്റിയെ തെരഞ്ഞെടുത്തു.

കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എം ചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിഎസ് പ്രിൻസ്, ജില്ലാ പോലീസ് മേധാവി (റൂറൽ) ബി കൃഷ്ണകുമാർ, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ വി സുഭാഷ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി.

പഞ്ചായത്ത് പ്രസിഡന്റുമാരായ ഇ കെ അനൂപ്, എൻ മനോജ്, കലാപ്രിയ സുരേഷ്, കെ രാജേശ്വരി, സുന്ദരി മോഹൻദാസ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി കെ ശിവരാമൻ, പി കെ ശേഖരൻ, സുധൻ കാരയിൽ, അബ്ദുട്ടി ഹാജി, രാഘവൻ മുളങ്ങാടൻ, ഡേവിസ് വില്ലേടുത്തുകാരൻ, യുവജന സംഘടനാ പ്രതിനിധികളായ കെ എസ് റോസൽ രാജ്, വി എൻ അനീഷ്, പ്രചോദി നികേതൻ പ്രിൻസിപ്പൽ ഡോ. ബിനു പി ചാക്കോ, ലൈബ്രറി കൗൺസിൽ പ്രതിനിധി പി തങ്കം ടീച്ചർ, പിടിഎ പ്രതിനിധി സുനിൽ കൈതവളപ്പിൽ, വിദ്യാർത്ഥി പ്രതിനിധി സൂര്യ തുടങ്ങിയവർ സംസാരിച്ചു.

കൊടകര ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അൽജോ പുളിക്കൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജിനേഷ് പി നന്ദി പറഞ്ഞു.

## സാറാജോസഫിന്റെ ലോകങ്ങൾ ; സംഘാടക സമിതി രൂപീകരിച്ചു

തൃശ്ശൂർ:എഴുത്തുകാരിയും, സാമൂഹ്യപ്രവ4ത്തകയും തുല്യനീതിയുടെ വക്താവുമായ സാറാ ജോസഫിനെ സാംസ്കാരിക ലോകം ആദരിക്കുന്നതിന്റെ ഭാഗമായി സംഘാടക സമിതി രൂപീകരിച്ചു. ഏപ്രിൽ 5നും 6നും തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ നടത്തുന്ന ആദര കൂട്ടായ്മയിൽ സാറാ ജോസഫിന്റെ രചനകൾ സംബന്ധിച്ചുള്ള പഠന പ്രബന്ധാവതരണങ്ങളും ആക്ടിവിസ്റ്റുകളുടെ ഒത്തുചേരലും സൗഹൃദസംഗമവും ഉണ്ടാകും. 'സാറാ ജോസഫിന്റെ ലോകങ്ങൾ – ജീവിതം, എഴുത്ത്, പ്രതിരോധം'എന്ന പരിപാടി കന്നഡ എഴുത്തുകാരി ബാനു മുഷ്താഖ് ഉദ്ഘാടനം ചെയ്യും. വോൾഗ മുഖ്യാതിഥിയും ആകും. ഏപ്രിൽ 6നു നടക്കുന്ന സമാദരണ സമ്മേളനം കവിയും പാർലമെന്റ് അംഗവുമായ കനിമൊഴി ഉദ്ഘാടനം ചെയ്യും. പരിപാടിയുടെ നടത്തിപ്പിനായി ചെറിയാൻ ജോസഫ് ചെയർ4മാനും പ്രൊഫ.കുസുമം ജോസഫ് ജനറൽ കൺവീനറുമായ സംഘാടക സമിതി രൂപീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9495567276, 7907196843

## റെയിൽവേ സ്റ്റേഷൻ സമരം: ആളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി സർവ്വകക്ഷി യോഗം വിളിക്കും



കല്ലേറ്റുംകര: കല്ലേറ്റുംകരയിലുള്ള ഇരിങ്ങാലക്കുട റയിൽവേസ്റ്റേഷന്റെ സമഗ്ര വികസനത്തിനായി നടക്കുന്ന ജനകീയസമരങ്ങൾ ശാക്തീകരിക്കുന്നതിനായി സർവ്വകക്ഷി യോഗം വിളിക്കണം എന്നാവശ്യപ്പെട്ട് റയിൽവേ സ്റ്റേഷൻ വികസന സമിതി ഭാരവാഹികൾ ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ. ആർ. ജോജോക്ക് കത്തു നൽകി.

ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണനയ്ക്കെതിരെ റെയിൽവേ സ്റ്റേഷൻ വികസന സമിതിയുടെ നേതൃത്വത്തിൽ 2025 മാർച്ച് 15 ന് കല്ലേറ്റുംകരയിൽ നടന്ന സമര വിളംബര പൊതു യോഗത്തിൽ സർവ്വ കക്ഷി യോഗം വിളിക്കണമെന്ന് സമര സമിതി ആവശ്യപ്പെട്ടതനുസരിച്ചു ഭരണസമിതി സർവ്വകക്ഷിയോഗം വിളിക്കുമെന്ന് പ്രസിഡന്റ്പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ തുടർച്ചയായാണ് 2025 മാർച്ച് 22 ന് റെയിൽവേ സ്റ്റേഷൻ വികസന സമിതിയുടെ നേതൃത്വത്തിൽ ഇതു സംബന്ധമായി കത്തു നൽകിയത്. ഏപ്രിൽ 10 നു മുൻപ് സർവ്വകക്ഷി യോഗം വിളിക്കാമെന്ന് പ്രസിഡന്റ് ഉറപ്പു നൽകി. റെയിൽവേ സ്റ്റേഷൻ വികസന സമിതി മുഖ്യ സംഘാടകൻ വർഗ്ഗീസ് തൊടുപറമ്പിൽ, പ്രസിഡന്റ് വർഗ്ഗീസ് പന്തലൂക്കാരൻ, വൈസ് പ്രസിഡന്റ് സോമൻ ശാരദാലയം, വർക്കിംഗ് പ്രസിഡന്റ് കെ എഫ് ജോസ് എന്നിവർ പങ്കെടുത്തു. കല്ലേറ്റുംകരയിലും പരിസര പ്രദേശങ്ങളിലും തുടർച്ചയായി 8ഠം ദിവസവും സമരാഗ്നി ജ്വലനവും റാലിയും നടക്കുകയാണ്.

## തിരിച്ചറിയൽ കാർഡിന്റെയും വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെയും വിതരണ ഉദ്ഘാടനം



തൃശൂർ: പട്ടയ വിതരണ ചടങ്ങിന്റെ പ്രാധാന്യത്തിനൊപ്പം നിൽക്കുന്ന മറ്റൊരു ചടങ്ങിന്റെ ഉദ്ഘാടന വേദിയിലാണ് താൻ നിൽക്കുന്നതെന്ന് മന്ത്രി അഡ്വ.കെ. രാജൻ തൃശ്ശൂർ കോർപ്പറേഷൻ തെരുവു കച്ചവടക്കാർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡിന്റെയും വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെയും വിതരണ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് അറിയിച്ചു.

തൃശൂർ കോർപ്പറേഷൻ ശുചിത്വ സുന്ദര നഗരം മുന്നിൽ കണ്ടുകൊണ്ട് നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ തെരുവ് കച്ചവട പുനരധിവാസ മാതൃക ആദ്യമായി കൊണ്ടുവന്നത് തൃശൂർ കോർപ്പറേഷനാണ്. എം.ഒ. റോഡിലെ ജയ ബേക്കറി മുതൽ ശക്തൻ നഗർ ഉൾപ്പെടെയുള്ള പ്രദേശത്തെ തെരുവ് കച്ചവടക്കാരെ സംരക്ഷിക്കുന്നതിനായി നഗരത്തിന്റെ പ്രധാന ഭാഗമായ ശക്തൻ നഗറിൽ ഒരേക്കർ സ്ഥലത്ത് 15,000 സ്ക്വയർ ഫീറ്റിൽ ആധുനീക രീതിയിലുള്ള പുനരധിവാസ കേന്ദ്രം നിർമ്മിച്ച് അവരുടെ ജീവിതം സുരക്ഷിതമാക്കി. ടൗൺവെൻറിംഗ് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട ബാക്കിവരുന്ന തെരുവുകച്ചവടക്കാർക്ക് സുരക്ഷിതമായ നഗര സൗന്ദര്യത്തിന് അനുയോജ്യമായ കച്ചവട സൗകര്യം നഗരത്തിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഈ കൗൺസിൽ വിവിധ സ്ഥലങ്ങൾ കോർപ്പറേഷൻ പരിധിയിൽ കണ്ടെത്തുകയും ഈ സ്ഥലങ്ങളിൽ ഒരേ മാതൃകയിൽ മെട്രോ നഗരങ്ങളിൽ കാണുന്നതുപോലുള്ള സംവിധാനമൊരുക്കി തെരുവ് കച്ചവടരീതികളും മുഖച്ഛായയും മാറ്റുന്നതിന്റെ ഭാഗമായുള്ള ഐ .ഡി കാർഡിന്റെയും വെൻറിംഗ് സർട്ടിഫിക്കറ്റിന്റെയും വിതരണോദ്ഘാടനം മേയർ എം.കെ. വർഗ്ഗീസിന്റെ അധ്യക്ഷതയിൽ മന്ത്രി അഡ്വ.കെ. രാജൻ നിർവ്വഹിച്ചു.

ഡെപ്യൂട്ടി മേയർ മിസ്. എം.എൽ റോസി സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ വർഗ്ഗീസ് കണ്ടംകുളത്തി, ഡിവിഷൻ കൗൺസിലർ സിന്ധു ആൻറോ ചാക്കോള, കൗൺസിലർമാരായ രാജശ്രീ ഗോപൻ, രാധിക അശോകൻ, ഷീബജോയ്, രേഷ്മ ഹെമേജ്, ക്ലീൻ സിറ്റി മാനേജർ അബ്ദുൾ നാസർ സി.കെ., തെരുവ് കച്ചവട പ്രതിനിധികളായ ടി. ശ്രീകുമാർ, ആർ.വി. ഇക്ബാൽ, വി.എ. ഷംസുദ്ദീൻ, ടി.വി. ചെന്താമരക്കണ്ണൻ, ടി.ആർ. ബാബുരാജ്, വിത്സൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പട്ടയ വിതരണ ചടങ്ങിന്റെ പ്രാധാന്യത്തിനൊപ്പം നിൽക്കുന്ന മറ്റൊരു ചടങ്ങിന്റെ ഉദ്ഘാടന വേദിയിലാണ് താൻ നിൽക്കുന്നതെന്ന് മന്ത്രി അഡ്വ. കെ. രാജൻ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു.

## തൃശൂർ കോർപ്പറേഷൻ ഭരണം പിടിക്കാൻ കോൺഗ്രസ്




തദ്ദേശ തെരഞ്ഞെടുപ്പിൽ തൃശൂർ കോർപ്പറേഷൻ ഭരണം തിരിച്ചു പിടിക്കാൻ കോൺഗ്രസ്. മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ഡിസിസി പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റിന്റെ അധ്യക്ഷതയിൽ തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർമാരുടേയും ഡിവിഷൻ ചുമതലയുള്ള നേതാക്കളുടേയും യോഗം ചേർന്നു.

യോഗം തൃശ്ശൂർ കോർപ്പറേഷന്റെ ചുമതലയുള്ളഎഐസിസി സെക്രട്ടറി റോജി എം ജോൺ എംഎൽഎ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ കോർപ്പറേഷൻ ഭരണം കോൺഗ്രസ് തിരിച്ചു പിടിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്, ജനങ്ങൾ അത് ആഗ്രഹിക്കുന്നുണ്ടെന്ന് റോജി എം ജോൺ പറഞ്ഞു.

സി. പി എം ഭരണത്തിൽ പാർട്ടിയാണ് വികസനം നടത്തുന്നത്. നാടിന്റെ വികസനം ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ നടത്താൻ കോൺഗ്രസിനെ കഴിയൂവെന്നും റോജി കൂട്ടിച്ചേർത്തു.

മുൻ മേയർ ഐപി പോൾ കെപിസിസി സെക്രട്ടറിമാരായ ജോൺ ഡാനിയൽ, ഷാജി ജെ കോടങ്കണ്ടത്ത്, ഡിസിസി ഭാരവാഹികളായ ഡോ.നിജി ജസ്റ്റിൻ, ബൈജു വർഗീസ്, കെ എച്ച് ഉസ്മാൻഖാൻ, കെ കെ ബാബു, സി ബി ഗീത, എന്നിവർ പ്രസംഗിച്ചു. പ്രതിപക്ഷനേതാവ് രാജൻ പല്ലൻ സ്വാഗതവും ഉപ നേതാവ് സുനിൽ രാജ് നന്ദിയും പറഞ്ഞു.

## വാഹന നികുതി കുടിശ്ശിക ഇളവോടെ അടക്കാം

തൃശൂർ: മോട്ടോർ വാഹന നികുതി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി മാർച്ച് 31ന് അവസാനിക്കുന്നതിനാൽ പദ്ധതി പ്രകാരം മാർച്ച് 31 ലേക്ക് നാലോ അതിലധികമോ വർഷത്തെ നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് കുടിശ്ശികയുടെ 30 ശതമാനം അല്ലെങ്കിൽ 40 ശതമാനം നികുതി മാത്രമടച്ച് കുടിശ്ശിക ഒഴിവാക്കാൻ കഴിയും.

## ഹൈമാസ്റ്റ് ലൈറ്റുകൾ സ്വിച്ച് ഓൺ ചെയ്തു

പുത്തൂർ: ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്വിച്ച് ഓൺ കർമ്മം ഉദ്ഘാടനം റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു.

ചന്ദനക്കുന്ന് ക്ഷേത്ര പരിസരം, അമ്പലക്കാട് ക്ഷേത്ര പരിസരം, രശ്മി ക്ലബ് പരിസരം എന്നിവിടങ്ങളിലായി നടന്ന സ്വിച്ച് ഓൺ കർമ്മത്തിൽ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ നളിനി വിശ്വംഭരൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലിബി വർഗ്ഗീസ്, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. എസ് സജിത്ത്, പഞ്ചായത്തംഗം സുജത അർജ്ജുനൻ, ക്ഷേത്രം ഭാരവാഹികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ബാബാ സാഹിബ് അംബേദ്കർ നാഷണൽ അവാർഡ് ജേതാവ് ഷാജു വാലപ്പനെ അനുമോദിച്ചു



കല്ലേറ്റുംകര : ഭാരതീയ ദളിത് സാഹിത്യ അക്കാദമിയുടെ ബാബാ സാഹിബ് അംബേദ്കർ വിശിഷ്ട സേവാ നാഷണൽ അവാർഡ് കരസ്ഥമാക്കിയ കല്ലേറ്റുംകര സ്വദേശി ഷാജു വാലപ്പനെ മുൻ സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻ അനുമോദിച്ചു. സാമൂഹിക പ്രവർത്തകരും ജീവകാരുണ്യപ്രവർത്തകരുമായ ദേശീയ തലത്തിൽ ശ്രദ്ധേയരായവർക്കാണ് ഈ അവാർഡ് നൽകി വരുന്നത്.

2024 ലെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് അവാർഡ് നൽകിയിട്ടുള്ളത്. ഷാജു വാലപ്പന്റെ വസതിയിൽ എത്തി പൊന്നാട അണിയിച്ചും പുരസ്കാരം നൽകിയും അഡ്വ: തോമസ് ഉണ്ണിയാടൻ അനുമോദനചടങ്ങ് ഉദ്ഘാടനം ചെയ്തു.

മിനി മോഹൻദാസ്, റോക്കി ആളൂക്കാരൻ, സേതുമാധവൻ, ജോസ് മാമ്പിള്ളി എന്നിവരും അനുമോദനപ്രസംഗം നടത്തി.

## എംഎൽഎ ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കണം: എൻ കെ അക്ബർ എംഎൽഎ

തൃശൂർ: ഗുരുവായൂർ നിയോജക മണ്ഡലത്തിലെ എംഎൽഎ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന പദ്ധതി, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ബജറ്റ് പ്രവൃത്തികൾ തുടങ്ങിയവ സംബന്ധിച്ചുള്ള അവലോകന യോഗം എൻ.കെ അക്ബർ എംഎൽഎയുടെ അധ്യക്ഷതയിൽ നടന്നു. എംഎൽഎയുടെ വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിലും നടപ്പിലാക്കുന്നതിലും പ്രത്യേക ശ്രദ്ധ വേണമെന്ന് എംഎൽഎ യോഗത്തിൽ പറഞ്ഞു.

രണ്ടര കോടിയിൽ നിർമ്മിക്കുന്ന ചേറ്റുവ സ്കൂളിന്റെ നിർമ്മാണം മെയ് മാസത്തോടെ പൂർത്തീകരിക്കുമെന്നും പുന്നയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിനുള്ള പുതിയ കെട്ടിടം, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ അണ്ടത്തോട് സ്ക്കൂൾ നിർമ്മാണം എന്നിവ ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

പുന്നയൂരിലെ ഒരു കോടി ചെലവിൽ നിർമ്മിക്കുന്ന കളിസ്ഥലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനും തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ കാലവർഷത്തിന് മുമ്പായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താനും എംഎൽഎ നിർദ്ദേശം നൽകി. ഗുരുവായൂർ നഗരസഭയിൽ എംഎൽഎ ഫണ്ട് അനുവദിച്ച റോഡുകളുടെയും എയ്ഡഡ് സ്കൂളുകളുടെ ടോയ്ലറ്റ്, പാചകപ്പുര എന്നിവയുടെ നിർമ്മാണവും, മിനിമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനവും സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്നും എംഎൽഎ നിർ ദേശം നൽകി. യോഗത്തിൽ തൃശൂർ തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ദുർഗ്ഗാദാസ്, ഫിനാൻസ് ഓഫീസർ സാബു, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്മിത, തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# തലോർ ഉണ്ണിമിശിഹാ പുതിയ ദേവാലയത്തിന്റെ പ്രധാന കവാടം വെഞ്ചരിച്ചു



തലോർ: തലോർ ഉണ്ണിമിശിഹാ പുതിയ ദേവാലയത്തിന്റെ പ്രധാന കവാടം തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ വെഞ്ചരിച്ചു. മോശയുടെ നേതൃത്വത്തിൽ ഇസ്രയേൽ ജനം ഈജിപ്തിന്റെ അടിമത്വത്തിൽനിന്നും മോചിതരായി കനാൻ ദേശത്തേക്കു പോയപ്പോൾ ഉണ്ടായപോലെ നിരവധി സഹനങ്ങൾ തലോർ ജനതയ്ക്ക് ഉണ്ടായിട്ടുണ്ട് എന്നും എന്നാൽ ദൈവ ജനത്തിന് അവരുടെ ദുഃഖത്തിൽ പ്രാർത്ഥിക്കാനും സന്തോഷങ്ങളിൽ ആനന്ദിക്കാനും ഒരു ദേവാലയം എന്നുള്ളത് ദൈവഹിതപ്രകാരമാണെന്നും അത് എത്രയും പെട്ടന്ന് പൂർത്തിയാക്കാൻ സാധിക്കും എന്നും അതിനായി ഇടവക ജനങ്ങൾ പ്രാർത്ഥനയും സാമ്പത്തിന്റെ വിഹിതം നൽകിക്കൊണ്ടും തീഷ്ണതയോടെ മുന്നോട്ടു വരണമെന്നും ബിഷപ് പറഞ്ഞു. ചിലവില്ലാതെ എനിക്കൊരു ബലി വേണ്ട എന്ന് പറഞ്ഞ പൂർവ പിതാക്കന്മാരെപ്പോലെ ഇടവക ജനത്തിന്റെ കൂട്ടായ ശ്രമം ഇക്കാര്യത്തിൽ ഉണ്ടാവണമെന്നും ഉടൻ തന്നെ ദേവാലയം പൂർത്തീകരിച്ചു കൊണ്ട് ദൈവാരാധനക്കായി സാഹചര്യം സൃഷ്ടിക്കണമെന്നും ബിഷപ് പറഞ്ഞു. വികാരി ഫാ ജോഷി വെണ്ണാട്ടു പറമ്പിൽ, സഹ വികാരി ഫാ ബ്രിൽവിൻ ഒലക്കേങ്കിൽ, സഹ വികാരി ഫാ റോജർ തരകൻ, മുൻ സഹ വികാരി ഫാ അരുൺ കാഞ്ഞിരത്തിങ്കൽ, എസ് ഡി വി സെമിനാരി ഇന്ത്യൻ ഡെലിഗേറ്റ് ഫാ അലൻ ഊക്കൻ, കൈക്കാരന്മാരായ സണ്ണി കാഞ്ഞാണി, റിഫിൻ കുന്നത്ത്, ലിക്സൺ പെരിഞ്ചേരി, ബാബുദാസ് തരകൻ, ദേവാലയ നിർമാണ കമ്മറ്റി കൺവീനർ ദേവസ്സി തൃശോക്കാരൻ, ജോയ് കൊമ്പൻ, കമ്മറ്റി അംഗങ്ങൾ, ലൂർദ്, നവജ്യോതി, ലവർണ കോൺവെന്റുകളിലെ സിസ്റ്റേഴ്സ്, ഇടവക പ്രതിനിധി യോഗ അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ, കുടുംബ യൂണിറ്റ് ഭാരവാഹികൾ കുടുംബ നാഥന്മാർ, സ്ത്രീകളും കുട്ടികളും ഉൾപ്പടെ ഇടവക ജനങ്ങൾ തുടങ്ങിയവർ വെഞ്ചരിപ്പ് ശിശ്രൂഷകളിലും പ്രധാനവാതിലിന്റെ സമർപ്പണത്തിലും പങ്കെടുത്തു.

പ്രധാന വാതിൽ സംഭാവന ചെയ്ത ജോൺസൻ തൃശൂക്കാരനും കുടുംബവും സന്നിഹിതരായിരുന്നു. വിവിധങ്ങളായ വസ്തുക്കൾ സംഭാവന ചെയ്തവരെയും സാമ്പത്തിക സംഭാവന നല്കിയവരെയും പ്രത്യേകം സ്മരിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നും എത്തിച്ചേർന്ന ഇടവക ജനങ്ങൾ ദേവാലയ നിർമാണത്തിന്റെ ചരിത്ര മുഹൂർത്തത്തിന് സാക്ഷിയായി.

ഏതാനും മാസങ്ങൾക്കുള്ളിൽ ദേവാലയ നിർമാണം പൂർത്തിയാക്കി പുതിയ ദേവാലയത്തിലേക്കു ശുശ്രൂഷകൾ മാറ്റുമ്പോൾ ഇടവക ജനത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളിൽ ഉള്ള ഒരു ഇടവകയായി മാറും എന്നുള്ളതാണ് വസ്തുത എന്ന് വികാരി ഫാ ജോഷി വെണ്ണാട്ടു പറമ്പിൽ പറഞ്ഞു.

## യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിൽ 50 കിലോ വാട്ട് സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്തു



വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിൽ ആഭ്യന്തര വൈദ്യുത ഉപഭോഗം സോളാറിലേക്ക് മാറ്റുന്നതിനായി 50 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്തു. പ്രകൃതിദത്തമായ ഊർജ്ജ സ്രോതസുകളുടെ ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം രാജ്യം ഊർജ്ജ പ്രതിസന്ധി നേരിടുകയാണ്. അതിന് പരിഹാരം റിന്യൂവബിൾ എനർജിയെ ആശ്രയിക്കുക എന്നുള്ളത് മാത്രമാണ്. പ്ലാന്റിന്റെ ഉദ്ഘാടനം, കെ.എസ്.ഇ.ബി ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ പി.കെ സുധർമ്മൻ നിർവഹിച്ചു. പ്രിൻസിപ്പാൾ ഡോ. ജോസ് കെ.ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ഫെഡറൽ ബാങ്ക് അസോസിയേറ്റ് വൈസ് പ്രസിഡന്റ് ജൂഡി .പി.എസ്, ഇസ്മായിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി., വിപിൻ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി വെള്ളാങ്കല്ലൂർ, ഡോ. കെ.കെ. നാരായണൻ വൈസ് പ്രിൻസിപ്പാൾ, ജിയോ ജേക്കബ് അഡ്മിനിസ്ട്രേറ്റീവ് മാനേജർ, കെ.കെ.അബ്ദുൾ റസാക്ക് കോർഡിനേറ്റർ സെന്റർ ഫോർ എനർജി സ്റ്റഡീസ് എന്നിവർ പ്രസംഗിച്ചു. ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചാണ് പ്ലാന്റ് നിർമ്മിച്ചത്.

## കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ

തൃശൂർ: കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും സി.ബി.സി/ പാറ്റേൺ പദ്ധതികൾ പ്രകാരം വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും പലിശയിൽ ഇളവുകൾ നൽകി ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുന്നതിന് അവസരം നൽകുന്നു. മാർച്ച് 31 നകം തുക അടയ്ക്കുന്നവർക്കാണ് ഇളവുകൾ ലഭിക്കുക. ജില്ലയിൽ നിന്നും സി.ബി.സി/ പാറ്റേൺ പദ്ധതികൾ പ്രകാരം വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാവർക്കും പലിശ ഇനത്തിൽ ഇളവുകൾ ലഭിക്കും. ലോൺ തിരിച്ചടവ് കാലഘട്ടത്തിൽ മരിച്ച വ്യക്തികളുടെ ബന്ധുക്കൾ മരണ സർട്ടിഫിക്കറ്റുമായി ഹാജരായാൽ ഇളവുകൾ അനുവദിക്കുമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു. ഫോൺ: 9188401609, 04872338699.

## ആർട്ടിസ്റ്റ്സ് & അസോസിയേറ്റ് യൂണിയൻ ധർണ്ണ നടത്തി



തൃശൂർ: ഡിസ്ട്രിക്ട്ആർട്ടിസ്റ്റ് ആന്റ് അസോസിയേറ്റ്സ് യൂണിയൻ -സി.ഐ.ടി. യു.- വിവിധാവശ്യങ്ങൾ ഉന്നയിച്ച് തൃശൂർ കോർപ്പറേഷന് മുന്നിൽ നടത്തിയ ധർണ്ണ സി.ഐ.ടി.യു.നേതാവ് ടി. സുധാകരൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

തൃശ്ശൂർ ജില്ല ആർട്ടിസ്റ്റ്സ്& അസോസിയേറ്റ് യൂണിയൻ CITU വിന്റെആഭിമുഖ്യത്തിൽ തൃശൂർ കോർപ്പറേഷനു മുൻപിൽ സായാഹ്ന ധർണ്ണയും തെരുവ് പ്രതിഷേധിച്ചവരെയും ഒപ്പും സംഘടിപ്പിച്ചു.

തദ്ദേശസ്ഥാപനങ്ങളുടെ അനുമതിയോടെ പരസ്യപ്രചരണ ബോർഡുകൾ സ്ഥാപിക്കാൻ അനുവദിക്കുക

തൊഴിൽ നഷ്ടപ്പെട്ട ആർട്ടിസ്റ്റ് തൊഴിലാളികൾക്ക് പ്രതിമാസം10000 രൂപ സമാശ്വാസം അനുവദിക്കുക.

ആർട്ടിസ്റ്റ് അനുബന്ധ തൊഴിലാളികൾക്ക് നേരിട്ട തൊഴിൽ പ്രതിസന്ധി പരിഹരിക്കാൻ നിയമസഭയിൽ നിയമനിർമ്മാണം നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആണ് ധർണ്ണ സംഘടിപ്പിച്ചത് സി.ഐ.ടി യു ജില്ലാ സെക്രട്ടറി ടി.സുധാകരൻ ഉദ്ഘാടനം ചെയ്തു യൂണിയൻ ജില്ലാ പ്രസിഡണ്ട് ഷാജൻ വർഗ്ഗീസ് അധ്യക്ഷനായി.

ജില്ലാ സെക്രട്ടറി ഉണ്ണി പിക്കാസോ, ശ്രീവത്സൻ അന്തിക്കാട്, തിലകൻ മാപ്രാണം,ജോസ് കാച്ചപ്പള്ളി, അനിൽ തൃശൂർ, അനിൽ ചാവക്കാട് വിൻസെന്റ്, ട്രഷറർ ഷോബി, ഷാജു സോളോ രഞ്ജിത്ത് തുടങ്ങിയവർ സംസാരിച്ചു